**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5318** **15-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിലും കാലാവസ്ഥ വ്യതിയാനം മൂലവും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ; | (എ) | എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം കോതമംഗലം നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭവും കാലാവസ്ഥ വ്യതിയാനം മൂലവും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ടി 1/6/2019 മുതൽ നാളിതു വരെ 2318 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | അപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കി എന്നും ഇതിനായി എത്ര തുക ചെലവഴിക്കേണ്ടി വന്നു എന്നും വ്യക്തമാക്കാമോ; | (ബി) | 1/6/2019 മുതലുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതമായി 1469 കർഷകർക്ക് 1141.9524 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതമായി 1790 കർഷകർക്ക് 14.95123 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇനി എത്ര പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാനുണ്ടെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും വിശദമാക്കാമോ; | (സി) | 478 പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉണ്ട്. ഇതിനായി സംസ്ഥാന വിഹിതമായി 81.08701 ലക്ഷം രൂപയും SDRF വിഹിതമായി 4.68287 ലക്ഷം രൂപയും ആവശ്യമുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അർഹരായ മുഴുവൻ പേർക്കും എത്രയും വേഗം നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 478 പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉണ്ട്. ഇതിനായി സംസ്ഥാന വിഹിതമായി 81.08701 ലക്ഷം രൂപയും SDRF വിഹിതമായി 4.68287 ലക്ഷം രൂപയും ആവശ്യമുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ